**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3340** **25-10-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വില്ലേജുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൽപ്പറ്റ, കോട്ടപ്പടി എന്നീ വില്ലേജുകൾ സ്മാർട്ട് വില്ലേജുകളാക്കി മാറ്റിയിട്ടുള്ളതും വെള്ളരിമല, കണിയാമ്പറ്റ, കോട്ടത്തറ, അച്ചൂരാനം, പൊഴുതന, കുപ്പാടിത്തറ എന്നീ വില്ലേജ് ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതും ചുണ്ടേൽ, അച്ചൂരാനം, തരിയോട്, കാവുംമന്ദം, കുപ്പാടിത്തറ എന്നീ വില്ലേജുകളിൽ അഡീഷണൽ റൂമുകൾ നിർമ്മിച്ചിട്ടുള്ളതുമാണ്. കൂടാതെ അച്ചൂരാനം, തരിയോട്, പൊഴുതന, ചുണ്ടേൽ എന്നീ വില്ലേജുകളിൽ ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ളതും തൃക്കൈപ്പറ്റ വില്ലേജ് സ്മാർട്ട് വില്ലേജ് ആക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. |
| (ബി) | ഇതിനായി 2016 മുതൽ 2021 മാർച്ച് 31 വരെ എത്ര തുക അനുവദിച്ചു; വ്യക്തമാക്കാമോ? | (ബി) | ഇതിനായി 2016 മുതൽ 2021 മാർച്ച് 31 വരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനായി 2016 മുതൽ 2021 മാർച്ച് 31 വരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

| വില്ലേജ് | സാമ്പത്തിക വർഷം | പ്രവൃത്തി | തുക | റിമാർക്സ് |
|---|---|---|---|---|
| കൽപ്പറ്റ | 2017-18 | സ്മാർട്ട് വില്ലേജ് നിർമ്മാണം | 40,00,000/- | പ്രവൃത്തി പൂർത്തീകരിച്ച് തുക നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. |
| കോട്ടപ്പടി | 2018-19 | സ്മാർട്ട് വില്ലേജ് നിർമ്മാണം | 44,00,000/- | |
| വെള്ളരിമല, കണിയാമ്പറ്റ, കോട്ടത്തറ | 2017-18 | അറ്റകുറ്റപ്പണി | 12,75,000/- | |
| അച്ചൂരാനം, പൊഴുതന | 2018-19 | അറ്റകുറ്റപ്പണി | 10,00,000/- | |
| കുപ്പാടിത്തറ | 2019-20 | അറ്റകുറ്റപ്പണി | 5,00,000/- | |
| അച്ചൂരാനം, തരിയോട്, പൊഴുതന, ചുണ്ടേൽ | 2018-19 | ചുറ്റുമതിൽ | 17,20,000/- | |
| ചുണ്ടേൽ, അച്ചൂരാനം, തരിയോട്, കാവുംമന്ദം | 2018-19 | അഡീഷണൽ റൂം | 30,80,000/- | |
| കുപ്പാടിത്തറ | 2019-20 | അഡീഷണൽ റൂം | 4,90,000/- | |
| തൃക്കൈപ്പറ്റ | 2020-21 | സ്മാർട്ട് ഓഫീസ് നവീകരണം | 2,89,200/- | പ്രവൃത്തി നിർവ്വഹണത്തിനായി 14,46,000/- രൂപയുടെ ഭരണാനുമതി നൽകുകയും മൊബിലൈസേഷൻ അഡ്വാൻസായി 2,89,200/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതും ടി ഫണ്ട് ഉപയോഗിച്ച് വൈത്തിരി താലൂക്കിലെ തന്നെ മറ്റേതെങ്കിലും വില്ലേജിനെ കണ്ടെത്തി അറ്റകുറ്റപ്പണികൾ നടത്തി സ്മാർട്ട് വില്ലേജാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ വൈത്തിരി തഹസീൽദാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. |